# പാർലമെന്റ് തിരഞ്ഞെടുപ്പിൽ സമദൂരനിലപാടാണെങ്കിലും വിശ്വാസിസമൂഹത്തോടൊപ്പം എൻ.എസ്.എസ്. നിലകൊള്ളും

കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പിൽ എൻ.എസ്.എസ്. രാഷ്ട്രീയമായി സമദൂരനിലപാടാണ് സ്വീകരിച്ചത്. മുമ്പ് ചില അവസരങ്ങളിൽ സമദൂരത്തിൽനിന്നും ശരിദൂരത്തിലേക്ക് വരേണ്ടിവന്നിട്ടുണ്ടെങ്കിൽ അതൊക്കെ സാമൂഹിക അനീതിക്കെതിരെയും, നീതിക്കുവേണ്ടിയും മാത്രമായിരുന്നു. അതിനാവശ്യമായ നിലപാടുകളും അപ്പോഴപ്പോൾ സ്വീകരിക്കുമായിരുന്നു. പ്രശ്നം പരിഹരിക്കപ്പെടുമ്പോൾ വീണ്ടും സമദൂരത്തിൽ എത്തും. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ഒരു പ്രതീക്ഷ ഉണ്ടായിരുന്നു – കേന്ദ്രഭരണത്തിൽ മാറ്റം വരണമെന്നും, സംസ്ഥാനഭരണം കൂടുതൽ ഭദ്രമാകണമെന്നുമായിരുന്നു അത്. അതിനു കാരണം അന്നത്തെ കേന്ദ്രസർക്കാരിന്റെ അഴിമതിയും കെടുകാര്യസ്ഥതയും ആയിരുന്നു. ആ തിരഞ്ഞെടുപ്പിൽ ബി.ജെ.പി.ക്ക് കേവലഭൂരിപക്ഷം കിട്ടിയെന്നുമാത്രമല്ല, എൻ.ഡി.എ.യ്ക്ക് വമ്പിച്ച ഭൂരിപക്ഷം ലഭിച്ച് കേന്ദ്രത്തിൽ അധികാരത്തിലെത്തുകയും, അന്നത്തെ സംസ്ഥാനഭരണം ഒരു ഇടക്കാലതിരഞ്ഞെടുപ്പുകൂടാതെ കുറെക്കൂടി ഭദ്രമാവുകയും ചെയ്തു. ഇക്കാര്യത്തിലൊന്നും എൻ.എസ്.എസ്. യാതൊരു അവകാശവാദവും ഉന്നയിച്ചതുമില്ല.

ഇപ്പോൾ, ശബരിമലയിലെ യുവതീപ്രവേശനവുമായി ബന്ധപ്പെട്ടുള്ള സുപ്രീംകോടതിവിധിയെ തുടർന്ന്, ഈശ്വരവിശ്വാസവും ശബരിമലയിലെ ആചാരാനുഷ്ഠാനങ്ങളും സംരക്ഷിക്കുന്നതിനായി രാഷ്ട്രീയത്തിന് അതീതമായ നിലപാട് എൻ.എസ്.എസ്സിന് സ്വീകരിക്കേണ്ടിവന്നു.

ശബരിമലയിൽ യുവതീപ്രവേശനം ആകാമെന്ന വിധിക്കെതിരെ എൻ.എസ്.എസ്. റിവ്യൂ ഹർജി ഫയൽ ചെയ്തു. സംസ്ഥാനഗവണ്മെന്റുമായി നല്ല ബന്ധത്തിലിരിക്കെത്തന്നെ, റിവ്യൂ ഹർജി ഫയൽ ചെയ്യാനും വിധി നടപ്പാക്കാൻ കാലതാമസം ആവശ്യപ്പെടാനും ഗവണ്മെന്റിനോട് എൻ.എസ്.എസ്. അഭ്യർത്ഥിച്ചു. പക്ഷേ, ഗവണ്മെന്റ് അതിന് വഴങ്ങിയില്ല. ഈശ്വരവിശ്വാസവും ആചാരാനുഷ്ഠാനങ്ങളും ശബരിമലയുടെ പേരിൽ ഇല്ലാതാക്കാനുള്ള അവസരമായി കണ്ടുകൊണ്ടുള്ള ഏകപക്ഷീയമായ നടപടികളാണ് സംസ്ഥാനസർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായത്. ബി.ജെ.പി.യും യു.ഡി.എഫും ആകട്ടെ, യുവതീപ്രവേശനത്തെ സ്വാഗതം ചെയ്തുകൊണ്ടുള്ള നിലപാട് സ്വീകരിക്കുകയും ചെയ്തു.

ഈ സാഹചര്യത്തിലാണ് എൻ.എസ്.എസ്. വിശ്വാസസംരക്ഷണത്തിനായി ഉറച്ചുനില്ക്കേണ്ടിവന്നത്. ജാതി-മത-രാഷ്ട്രീയവ്യത്യാസം കൂടാതെ വിശ്വാസസംരക്ഷണത്തിനായുള്ള പ്രവർത്തനങ്ങളിൽ എൻ.എസ്.എസ്. ഏർപ്പെട്ടതിന്റെ ഫലമായി സംസ്ഥാനമൊട്ടാകെ വിശ്വാസികളുടെ കൂട്ടായ്മയും നാമജപഘോഷയാത്രകളും തുടർച്ചയായി നടന്നു. സംസ്ഥാനഗവണ്മെന്റാകട്ടെ, അതിനെ പരാജയപ്പെടുത്തുവാൻ അധികാരവും ഖജനാവും ഉപയോഗിച്ചു. എല്ലാ കുത്സിതമാർഗ്ഗങ്ങളും സ്വീകരിച്ചെങ്കിലും വിശ്വാസികളെ കീഴടക്കാൻ അവർക്ക് കഴിഞ്ഞില്ല.

അതേസമയം, രാഷ്ട്രീയവിജയം കൊയ്യാനുള്ള അവസരമായിട്ടാണ് ബി.ജെ.പി.യും കോൺഗ്രസ്സും ഇതിനെ കണ്ടത്. ബി.ജെ.പി. ആവട്ടെ, ഇതിനെതിരെ നിയമനടപടികളിലൊന്നും ശ്രദ്ധിക്കാതെ പ്രക്ഷോഭണങ്ങളിലൂടെ യുവതീപ്രവേശനം തടയാൻ ശ്രമിച്ചപ്പോൾ യു.ഡി.എഫ്. ആവട്ടെ, യുവതീപ്രവേശനത്തിനെതിരെ നിയമനടപടികൾ സ്വീകരിക്കുകയും പ്രതിഷേധങ്ങൾ സംഘടിപ്പിക്കുകയുമാണ് ചെയ്തത്.

അധികാരം കയ്യിലിരുന്ന സംസ്ഥാനഗവണ്മെന്റോ കേന്ദ്രഗവണ്മെന്റോ ഈശ്വരവിശ്വാസവും ആചാരാനുഷ്ഠാനങ്ങളും നിലനില്ക്കണമെന്ന വിശ്വാസികളുടെ മൗലികാവകാശത്തെ സംരക്ഷിക്കുവാനാവശ്യമായ യാതൊരു നിയമനടപടിയും സ്വീകരിക്കാൻ തയ്യാറായില്ല എന്ന കാര്യം പറയാതെവയ്യ. ഇനിയും കോടതി മാത്രമാണ് വിശ്വാസികൾക്ക് അഭയമായിട്ടുള്ളത്.

ഇക്കഴിഞ്ഞ ശബരിമലക്ഷേത്രഉത്സവത്തോടനുബന്ധിച്ചുള്ള പത്തു ദിവസങ്ങളിൽ മലകയറാൻ ഭക്തജനങ്ങളേയില്ലാത്ത സാഹചര്യമാണ് ഉണ്ടായത്. രാഷ്ട്രീയപ്പാർട്ടികളുടെയോ സംസ്ഥാനഗവണ്മെന്റിന്റെയോ മുമ്പുണ്ടായിരുന്ന ഇടപെടലുകളൊന്നും അവിടെ ഉണ്ടായി കണ്ടില്ല. അതിനു കാരണം, വരാനിരിക്കുന്ന പാർലമെന്റ് തിരഞ്ഞെടുപ്പാണെന്ന കാര്യം ആർക്കും മനസ്സിലാക്കാവുന്നതേയുള്ളു. ഇപ്പോൾ സംസ്ഥാനത്തെ മുന്നണികളെല്ലാം പാർലമെന്റ് തിരഞ്ഞെടുപ്പിൽ വിജയം കൊയ്യാൻ ശബരിമലയും വിശ്വാസസംരക്ഷണവും ഒരു വിഷയമാക്കിയെടുത്തിരിക്കുകയാണ്.

വിശ്വാസസംരക്ഷണത്തിന്റെ പേരിൽ പാർലമെന്റ് തിരഞ്ഞെടുപ്പിൽ വോട്ടുചോദിക്കുവാൻ ഇവരിലാർക്കാണ് അവകാശം ഉള്ളത് എന്ന് തീരുമാനിക്കേണ്ടത് ജാതി-മത-രാഷ്ട്രീയഭേദമെന്യെയുള്ള വിശ്വാസസമൂഹമാണ്.

ഈ വരുന്ന പാർലമെന്റ് തിരഞ്ഞെടുപ്പിലും എൻ.എസ്.എസ്. സമദൂരനിലപാട് തന്നെയാണ് തുടരുന്നത്. എങ്കിലും ഈശ്വരവിശ്വാസത്തിന്റെയും ആചാരാനുഷ്ഠാനങ്ങളുടെയും സംരക്ഷണത്തിനായി വിശ്വാസിസമൂഹത്തോടൊപ്പം തന്നെ എൻ.എസ്.എസ്. നിലകൊള്ളും.